بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**21-11-2025**

# തബൂക്ക് യുദ്ധപശ്ചാത്തലം

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ - بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ -

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

തശഹ്ഹുദ്, തഅവ്വുദ്, സൂറത്തുൽ ഫാതിഹ എന്നിവ പാരായാണം ചെയ്ത ശേഷം ഹസൂർ അൻവർ (അയ്യദഹുല്ലാഹ്)പ്രസ്താവിച്ചു:

തബൂക്ക് യുദ്ധത്തെക്കുറിച്ചായിരുന്നു വിവരിച്ചുകൊണ്ടിരുന്നത്. ഈ യാത്രയുടെ കൂടുതൽ വിശദാംശങ്ങൾ ഞാൻ ഇന്ന് വിവരിക്കുന്നതാണ്. ഈ സന്ദർഭത്തിൽ, മുനാഫിക്കുകൾ റസൂലുല്ലാഹ് (സ)ക്ക് പ്രയാസമുണ്ടാക്കാൻ ശ്രമിച്ചതിനെക്കുറിച്ചും പരാമർശമുണ്ട്. അതിന്റെ വിശദാംശം ഇപ്രകാരമാണ്:

തബൂക്ക് യുദ്ധത്തിനു പിന്നിൽ യഥാർത്ഥത്തിൽ ജൂതന്മാരുടെയും ക്രൈസ്തവരുടെയും മുനാഫിക്കുകളുടെയും ഒരു സംയുക്ത ഗൂഢപദ്ധതി പ്രവർത്തിച്ചിരുന്നു. മദീനയിൽ നിന്ന് തബൂക്കിലേക്കുള്ള യാത്ര മരണത്തിന്റെ താഴ്വരയിലൂടെയുള്ള യാത്രയായിരുന്നു. മടക്കയാത്രയിൽ ഒരു താഴ്വരയിൽ രണ്ട് വഴികളുണ്ടായിരുന്നു. ഒന്ന് വിശാലമായ സമതലത്തിലൂടെയുള്ള വഴിയും മറ്റൊന്ന് ദുർഘടമായതും ഉയർന്നതുമായ ഒരു മലയിടുക്കിലൂടെ കടന്നുപോകുന്ന ഇടുങ്ങിയ വഴിയുമായിരുന്നു. ഇത് ഒരു കുറുക്കുവഴി കൂടിയായിരുന്നു, മുസ്ലിം സൈന്യം ഈ മലയിടുക്കിലൂടെയാണ് കടന്നുപോകേണ്ടിയിരുന്നത്. മലയിടുക്കിന്റെ ഏറ്റവും മുകൾഭാഗത്തുകൂടി ഈ സൈന്യം കടന്നുപോകുമ്പോൾ, ആളുകളുടെ വൻ തിരക്ക് ഉണ്ടാകുന്ന സമയത്ത്, രാത്രിസമയത്ത് എല്ലാ മുനാഫിക്കുകളും തിരുനബി (സ)യുടെ ഒട്ടകത്തിന്റെ അടുത്ത് ഒരുമിച്ചുകൂടാൻ മുനാഫിക്കുകൾ പദ്ധതിയിട്ടു. എങ്ങനെയെങ്കിലും തിരുനബി(സ)യുടെ ഒട്ടകത്തെ മലയിടുക്കിന്റെ അരികിലേക്ക് ബലം പ്രയോഗിച്ച് ഓടിക്കുകയും പല്ലക്കിന്റെ കയറുകൾ മുറിക്കുകയും ചെയ്യുകയായിരുന്നു ലക്ഷ്യം. അങ്ങനെ, ആ ഒട്ടകം(നഊദുബില്ലാഹ്)തിരുനബി(സ)യെ മലയിടുക്കിലെ ഗർത്തത്തിലേക്ക് തള്ളിയിടും. അല്ലാഹു മുനാഫിക്കുകളുടെ ഈ ഗൂഢാലോചനയെക്കുറിച്ച് തിരുനബി(സ)ക്ക് വിവരം നൽകി. ഇതിനെ തുടർന്ന് താനും തന്നോടൊപ്പമുള്ള മൂന്ന് സ്വഹാബിമാരും അല്ലാതെ മറ്റാരും മലയിടുക്കിലൂടെ പോകുന്നതല്ലെന്ന് അവിടുന്ന് പ്രഖ്യാപനം നടത്തി. എന്നിരുന്നാലും അവർ ഉടൻ തന്നെ പന്ത്രണ്ടോ പതിഞ്ചോ പേരെ തിരഞ്ഞെടുക്കുകയും മുഖം തുണികൊണ്ട് മറച്ച് അതിവേഗം മലയിടുക്കിലേക്ക് പോകാനും, പെട്ടെന്ന് ഒട്ടകത്തെ വിരട്ടിഓടിക്കാനും പദ്ധതിയിട്ടു. അതിനെ വിരട്ടിയോടിച്ചാൽ പ്രതീക്ഷിച്ച അപകടം സംഭവിക്കു

മെന്ന് അവർ കരുതി. നബിതിരുമേനി(സ) മലയിടുക്കിലൂടെ കടന്നുപോകുമ്പോൾ ചില ആളുകളുടെ കാലൊച്ച കേട്ടു. അവർ തിരുമേനിയുടെ അടുത്തെത്തി ഒട്ടകത്തെ വിരട്ടിവിട്ടു. അതുകാരണം ഒട്ടകപ്പുറത്തുള്ള ചില സാധനങ്ങൾ പോലും താഴെ വീണുപോയി. ഈ മുനാഫിക്കുകളെ ആക്രമിച്ചു ഓടിക്കാൻ തിരുനബി(സ) ഹദ്ത്ത് ഹുദൈഫയ്ക്ക്(റ) കൽപന നല്കി. ഹദ്റത്ത് ഹുദൈഫ(റ) വടികൊണ്ട് അവരുടെ വാഹനങ്ങളെ അടിക്കാൻ തുടങ്ങി. 'അല്ലാഹുവിന്റെ ശത്രുക്കളേ, ദൂരെപ്പോകൂ' എന്ന് പറയുകയും ചെയ്തു. തങ്ങളുടെ തന്ത്രത്തെക്കുറിച്ച് നബി കരീം(സ) അറിഞ്ഞുകഴിഞ്ഞെന്ന് മനസ്സിലാക്കിയ മുനാഫിക്കുകൾ, മാറിക്കളയുകയും തിരിച്ചുവന്ന് സൈന്യത്തിൽ ലയിക്കുകയും ചെയ്തു.

അല്ലാഹു നബിതിരുമേനി(സ)ക്ക് ആ മുനാഫിക്കുകളുടെ പേരുകൾ അറിയിച്ചുകൊടുത്തുവെന്ന് നിവേദനത്തിൽ വന്നിരിക്കുന്നു. അവിടുന്ന് ഹദ്റത്ത് ഹുദൈഫ(റ)യോട് അരുളി: ഞാൻ നിന്നോട് ഒരു രഹസ്യം പറയട്ടെ. അല്ലാഹു എനിക്ക് ആക്രമികളുടെ നാമങ്ങൾ അറിയിച്ചു തന്നിരിക്കുന്നു. അവരുടെ ജനാസ നമസ്കരിക്കരുതെന്നും എനിക്ക് കല്പന നല്കിയിരിക്കുന്നു.

മക്കാ വിജയത്തിനുശേഷം മുനാഫിക്കുകളുടെ ഗൂഢാലോചനകൾക്ക് വേഗത കൂടി. അറബികൾക്ക് ചുറ്റുമുള്ള ഗോത്രങ്ങൾ, ജൂത ഗോത്രങ്ങൾ ഉൾപ്പെടെ, തങ്ങളുടെ ശക്തി നഷ്ടപ്പെട്ട് കീഴടങ്ങിയതായി അവർ കണ്ടപ്പോൾ, അറേബ്യക്ക് പുറത്തുള്ള റോമൻ ചക്രവർത്തിയെപ്പോലെയുള്ള ശക്തരായ ബാഹ്യശക്തികളിൽ നിന്ന് സഹായം തേടാൻ അവർ പദ്ധതിയിട്ടു. അതോടൊപ്പം, മദീനയിൽ ഒരു സ്ഥിരമായ കേന്ദ്രം നിർമ്മിക്കാനും അവർ ആസൂത്രണം ചെയ്തു. ഇവിടെ അവർക്ക് സ്ഥിരമായി മീറ്റിംഗുകൾ നടത്താനും, ഇസ്ലാമിനും മുസ്ലിങ്ങൾക്കുമെതിരെ ഗൂഢാലോചനകൾ നടത്താനും, ആയുധങ്ങൾ ശേഖരിക്കാനും കഴിയണം. എന്നാൽ, ആ കേന്ദ്രം മറ്റ് മുസ്ലിങ്ങൾക്ക് സംശയം തോന്നുന്ന ഒന്നായിരിക്കുകയുമരുത്. അങ്ങനെ, കുറച്ചുകാലമായി പൊതുരംഗത്ത് നിന്ന് അപ്രത്യക്ഷനായിരുന്ന അബൂ ആമിർ പെട്ടെന്ന് രംഗത്തുവന്നു. മുനാഫിക്കുകൾക്ക് വേണ്ടി പ്രചാരണം നടത്തുന്നവർ അദ്ദേഹത്തെ അബൂ ആമിർ റാഹിബ് (സന്യാസി) എന്ന് വിളിക്കാൻ തുടങ്ങി.. അയാൾ ഖസ്റജ് ഗോത്രത്തിൽ പെട്ടയാളായിരുന്നു. റസൂലുല്ലാഹ്(സ) മദീനയിൽ എത്തിയതിന് ശേഷം അബൂ ആമിർ മക്കയിലേക്ക് പോവുകയും ഖുറൈശികളെ തിരുനബി (സ)ക്കെതിരെ യുദ്ധത്തിന് ഇളക്കിവിടുകയും ചെയ്തു. അയാൾ സ്വന്തം നാട്ടിൽ നിന്ന് അകന്ന്, ഏകാന്തമായ മരണം വരിക്കട്ടെ എന്ന് നബിതിരുമേനി(സ) പ്രാർഥിച്ചിരുന്നു. ഖുബായിൽ പള്ളി നിർമിച്ച് അതിനെ സൈനികതാവളമാക്കി യുദ്ധത്തിനായി തയാറെടുക്കാൻ മുനാഫിക്കുകൾക്ക് നിർദേശം നല്കിയതും അബൂ ആമിറാണ്.

അങ്ങനെ അബൂ ആമിർ റോമൻ സാമ്രാജ്യത്തിലേക്ക് പോവുകയും സിറിയയിൽ വെച്ച് റോമൻ ചക്രവർത്തിയെ മുസ്ലീങ്ങൾക്കെതിരെ തിരിക്കുകയും ചെയ്തു. മുസ്ലിങ്ങൾക്കെതിരെ യുദ്ധം ചെയ്യാൻ ചക്രവർത്തിയെ പ്രേരിപ്പിച്ചു. അയാൾ ചക്രവർത്തിയോട് പറഞ്ഞു: മുസ്ലിങ്ങൾ ദുർബ്ബലരും ദരിദ്രരും എണ്ണത്തിൽ കുറഞ്ഞവരുമാണ്. അവർക്ക് ഏറെ ശത്രുക്കളുണ്ട്. അതിനാൽ അവരെ ഭയപ്പെടേണ്ട ആവശ്യമില്ല. മുസ്ലിങ്ങൾക്കെതിരെ നടപടിയെടുത്തില്ലെങ്കിൽ ഭാവിയിൽ റോമൻ സാമ്രാജ്യത്തിന് അത് ദോഷകരമാകും.

ഹെർക്കുലീസ് അയാളെ തന്റെ അടുത്ത് താമസിപ്പിക്കുകയും അയാളെ ആശ്വസിപ്പിച്ചുകൊണ്ട് സഹായം വാഗ്ദാനം ചെയ്യുകയും ചെയ്തു.

ഈ സമയം, അബൂ ആമിർ തന്റെ സമാനചിന്താഗതിക്കാരായ ദുഷ്ടരായ ഗൂഢാലോചനക്കാർക്ക് ഒരു സന്തോഷവാർത്ത അറിയിച്ചു: 'ഞാൻ ഉടൻ തന്നെ ഒരു വലിയ സൈന്യവുമായി മദീന മുനവ്വറയെ ആക്രമിക്കും. അതുകൊണ്ട് നിങ്ങൾ എനിക്കായി ഒരു പ്രത്യേക താവളം പണിയുക.' ഈ ലക്ഷ്യത്തോടെ മുനാഫിക്കുകൾ ഖുബായിൽ ഒരു പള്ളി നിർമ്മിച്ചു. ഈ പള്ളിയാണ് മസ്ജിദ് ളിറാർ എന്ന് അറിയപ്പെടുന്നത്. എന്നാൽ, അബൂ ആമിറിന്റെ

ഈ ആഗ്രഹവും സഫലമായില്ല. ഒടുവിൽ, അയാൾ സിറിയയിൽ വെച്ച് ഏകാന്തതയിലും പ്രവാസത്തിലും മരണപ്പെട്ടു.
മുനാഫിക്കുകൾ പള്ളിനിർമ്മാണം പൂർത്തിയാക്കിയപ്പോൾ, അവിടെ നമസ്കരിക്കാൻ അവർ തിരുമേനിയോട് അപേക്ഷിച്ചു. അല്ലാഹുവിന്റെ യുക്തി നോക്കൂ, അവിടുന്ന് തബൂക്കിലേക്ക് പോകാൻ തയ്യാറെടുക്കുന്ന സമയത്താണ് അവർ അപേക്ഷയുമായി വന്നത്. തിരുനബി(സ) മറുപടി നൽകി: ഞാൻ ഇപ്പോൾ തിരക്കിലാണ്. ഞാൻ യാത്രയ്ക്ക് തയ്യാറെടുക്കുകയാണ്. ഞങ്ങൾ യാത്ര കഴിഞ്ഞ് തിരിച്ചുവരുമ്പോൾ അവിടെ നമസ്കരിക്കാം. അവിടുന്ന് തബൂക്ക് യുദ്ധത്തിൽ നിന്ന് തിരിച്ചു വരുന്ന സമയത്ത് ഈ പള്ളിയെക്കുറിച്ച് അല്ലാഹു വെളിപാട് മുഖേന ഇപ്രകാരം അറിയിച്ചു:
ദ്രോഹിക്കാനും, സത്യനിഷേധം പരത്താനും, വിശ്വാസികൾക്കിടയിൽ ഛിദ്രതയുണ്ടാക്കാനും, അല്ലാഹുവിനോടും അവന്റെ ദൂതനോടും മുൻപുതന്നെ യുദ്ധം ചെയ്തുകൊണ്ടിരിക്കുന്നവന് പതിയിരിക്കുന്നതിനുള്ള സ്ഥലം ഒരുക്കുവാനും വേണ്ടി അവർ ഒരു പള്ളി ഉണ്ടാക്കി. തീർച്ചയായും ആണയിട്ടുകൊണ്ട് പറയും: ഞങ്ങൾ നൻമയല്ലാതെ മറ്റൊന്നും ആഗ്രഹിച്ചിരുന്നില്ല. എന്നാൽ, അവർ തീർച്ചയായും വ്യാജന്മാരാണെന്ന് അല്ലാഹു സാക്ഷ്യം വഹിക്കുന്നു
ഈ വഹ്യ് അവതരിച്ചതോടെ തിരുനബി (സ) മസ്ജിദ്ളിറാർ തകർക്കാൻ കല്പന നല്കി. അങ്ങനെ, പള്ളി കത്തിച്ചു കളഞ്ഞു.
നബിതിരുമേനി(സ) മദീനയിൽ തിരിച്ചെത്തിയപ്പോൾ, ആ സ്ഥലം ആസിം ബ്നു അദിയ്യ് (റ)ന് നൽകാൻ അവിടുന്ന് ആഗ്രഹിച്ചു. അദ്ദേഹത്തിന് അവിടെ ഒരു വീട് പണിയാൻ വേണ്ടിയായിരുന്നു അത്. എന്നാൽ അദ്ദേഹം അതിന് തയാറല്ലായിരുന്നു. സാബിത് ബ്നു അക്രം (റ)ന് വീടില്ലാത്തതിനാൽ അദ്ദേഹത്തിനു നല്കുന്നതാവും ഉചിതമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. നബിതിരുമേനി(സ) ആ സ്ഥലം സാബിത് ബ്നു അക്രം (റ)ന് നൽകി.
ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ)പറയുന്നു: ഇത്ര വലിയ ഗൂഢാലോചനയ്ക്ക് ശേഷവും അവർക്ക് ശാരീരികമോ സാമ്പത്തികമോ ആയ ഒരു ശിക്ഷയും നബിതിരുമേനി(സ) നൽകിയില്ല.
ഏകദേശം രണ്ട് മാസത്തെ യാത്രയ്ക്ക് ശേഷം തിരുനബി (സ) മദീനയിലേക്ക് തിരിച്ചുവരികയായിരുന്നു. മദീനയോടും മദീനാനിവാസികളോടും നബിതിരുമേനി എപ്രകാരം സ്നേഹം പ്രകടിപ്പിച്ചുവെന്നാൽ, മദീന പട്ടണം കണ്ട ഉടൻ അവിടുന്ന് പറഞ്ഞു:
നമ്മെ സ്നേഹിക്കുകയും നാം സ്നേഹിക്കുകയും ചെയ്യുന്ന പർവതമാണ് ഇത് (ഉഹ്ദ്). അതായത്, മദീനയിലെ ഓരോ സ്ഥലത്തെയും തിരുമേനി സ്നേഹിച്ചിരുന്നു.
നബി (സ) പറഞ്ഞു: എനിക്ക് മദീനയിൽ വേഗം എത്തണം.എന്നോടൊപ്പം വരണമെന്നുള്ളവർ വേഗം വരുക.
തബൂക്ക് യുദ്ധത്തിൽ നിന്ന് തിരിച്ചുവരുമ്പോൾ, തിരുനബി (സ) പറഞ്ഞു: നിങ്ങൾ ഏതൊരു യാത്ര ചെയ്യുമ്പോഴും, ഏതൊരു താഴ്വര താണ്ടുമ്പോഴും, മദീനയിൽ ചില ആളുകളുണ്ട്; അവർ നിങ്ങളോടൊപ്പം തന്നെയുണ്ടായിരുന്നു.ഇത് കേട്ട് സ്വഹാബികൾ അത്ഭുതം പ്രകടിപ്പിച്ചുകൊണ്ട് ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, അവർ മദീനയിലായിരിക്കുമ്പോൾ ഞങ്ങളോടൊപ്പം എങ്ങനെ ഉണ്ടാകും?അവിടുന്ന് പ്രതിവചിച്ചു: അവർ മദീനയിൽ തന്നെയാണ്, പക്ഷേ രോഗം പോലുള്ള ഏതെങ്കിലും ഒരു പ്രതിബന്ധം അവരെ (പങ്കെടുക്കുന്നതിൽ നിന്ന്) തടഞ്ഞിരിക്കുന്നു.
മറ്റൊരു നിവേദനത്തിൽ, നബിതിരുമേനി (സ) തബൂക്കിൽ നിന്ന് തിരിച്ചുവന്നപ്പോൾ അല്ലാഹുവിന് നന്ദി പറഞ്ഞുകൊണ്ട് ഇപ്രകാരം പ്രാർത്ഥിച്ചു: നമ്മുടെ ഈ യാത്രയിൽ നമുക്ക് പ്രതിഫലവും പുണ്യവും നൽകിയ അല്ലാഹുവിനാണ് എല്ലാ സ്തുതിയും. നമ്മുടെ കൂടെ വരാത്തവരെയും അവൻ ഈ പ്രതിഫലത്തിൽ നമ്മോടൊപ്പം ചേർത്തിരിക്കുന്നു.അപ്പോൾ ഹദ്റത്ത് ആയിശ (റ) ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, അങ്ങ് യാത്രയുടെ ക്ലേശങ്ങളും ദുരിതങ്ങളും സഹിച്ച് പ്രതിഫലത്തിന് അർഹനായിരിക്കുന്നു. എന്നാൽ അവർ ക്ലേശങ്ങൾ സഹിക്കാതെ ഈ പ്രതിഫലത്തിൽ അങ്ങ

യോടൊപ്പം എങ്ങനെയാണ് പങ്കുചേർന്നത്? അവിടുന്ന് പ്രതിവചിച്ചു: രോഗം അവരെ നമ്മോടൊപ്പം പുറപ്പെടുന്നതിൽ നിന്ന് തടഞ്ഞ താണ്. അവർ നമ്മുടെ സഹയാത്രികരാണ്. അല്ലാഹുവാണെ സത്യം! അവരുടെ പ്രാർത്ഥന നമ്മുടെ ആയുധങ്ങളെക്കാൾ ശത്രുക്കൾക്കെ തിരെ കൂടുതൽ ഫലപ്രദമാണ്.

നബിതിരുമേനി(സ) മദീനയിലെത്തിയപ്പോൾ ജനങ്ങൾ പട്ടണത്തിൽനിന്ന് പുറത്തുവന്ന് കവിതകളും ഗാനങ്ങളുംചൊല്ലി വരവേറ്റു. സീറത്തുമായി ബന്ധപ്പെട്ട മറ്റ് ചില സംഭവ ങ്ങളും വശങ്ങളും അടുത്ത ഖുതുബയിൽ വിവരിക്കുന്നതാണെന്ന് ഹുസൂർ തിരുമനസ്സ് പറഞ്ഞു.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ
بِہٖ وَ نَتَوَکَّلُ عَلَیْہِ وَ نَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ
یُّضْلِلْہُ فَلَا ھَادِیَ لَہٗ۔ وَنَشْھَدُ اَنْ لَّآ اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ
مُحَمَّدًا عَبْدُہٗ وَ رَسُوْلُہٗ۔ عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ
وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ
یَذْکُرْکُمْ وَادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**
ISLAMABAD UK ON 21.11.2025
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY BM ARIF
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516